കണ്ണൂർ സർവ്വകലാശാല

(സിംഗിൾ വിൻഡോ )

SWC/SWC/8602/2022 തീയതി: 03.08.2022

**പ്രസിദ്ധീകരണത്തിന്**

**അഫിലിയേറ്റഡ് കോളേജുകളിലെ പി .ജി.പ്രവേശനം-അപേക്ഷയിലെ തിരുത്തലുകൾക്കും ഇതുവരെ അപേക്ഷിക്കാത്തവർക്ക് അപേക്ഷിക്കുവാനും അവസരം**

2022-23 അധ്യയന വർഷത്തിൽ കണ്ണൂർ സർവകലാശാലയോട് അഫിലിയേറ്റ് ചെയ്ത കോളേജുകളിലെ ബിരുദാനന്തര ബിരുദ പ്രവേശനത്തിനായി അപേക്ഷിച്ച വിദ്യാർത്ഥികൾക്ക്, അപേക്ഷയിലെ തെറ്റുകൾ തിരുത്തുന്നതിനായി 06/08/2022 തിയ്യതി വരെ അവസരമുണ്ട്. ഇതിനായി അപേക്ഷകർ തങ്ങളുടെ പ്രൊഫൈൽ ലോഗിൻ ചെയ്ത് 200/- രൂപ കറക്ഷൻ ഫീസ് ഇനത്തിൽ അടച്ചതിനു ശേഷം ബന്ധപ്പെട്ട രേഖകളുടെ പകർപ്പോടുകൂടി pgsws@kannuruniv.ac.in എന്ന ഇ-മെയിൽ ഐ ഡി യിലേക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്.

വിവിധ കാരണങ്ങളാൽ ലഭിച്ച അലോട്ട്മെന്റ് നഷ്ടപ്പെട്ടവരുടെ അപേക്ഷ തുടർന്നുള്ള അലോട്ട്മെന്റിൽ പരിഗണിക്കുന്നതിനായി, അപേക്ഷകർ തങ്ങളുടെ പ്രൊഫൈൽ ലോഗിൻ ചെയ്ത് 06/08/2022 തീയ്യതിക്കുള്ളിൽ 200/- രൂപ റീകൺസിഡർ ഫീസ് ഇനത്തിൽ അടയ്ക്കേണ്ടതാണ്.

കൂടാതെ, ബിരുദാനന്തര ബിരുദ പ്രവേശനത്തിനായി ഇതുവരെ അപേക്ഷിക്കാത്തവർക്ക് 06/08/2022 തീയ്യതി വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് www.admission.kannuruniv.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ഹെല്പ് ലൈൻ നമ്പറുകൾ : - 0497-2715261,0497-2715284, 7356948230<br>
ഇ-മെയിൽ ഐ ഡി : pgsws@kannuruniv.ac.in

*ഒപ്പ്/-*<br>
ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)<br>
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1. P R O
2. Webmanager
3. I.T Cell
4. Enquiry

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ